ഉണർവ്

N.S.S.H.S.MUTHOOR THIRUVALLA

എൻ. എസ്. എസ്. എച്ച്.എസ്. മുത്തൂർ തിരുവല്ല

ആമുഖം

ഒരു സ്കൂളിലെ നിരവധി വിവരണങ്ങളുടെ ശേഖരണമാണ് കമ്പ്യൂട്ടർ.ഇന്ന് വിവരവിനിമയരംഗത്ത് വലിയ പുരോഗതി വഹിച്ചുപോകുന്ന ഒന്നാണ് കമ്പ്യൂട്ടർ.കമ്പ്യൂട്ടർ എന്ന വിസ്മയത്തിന്റെ സഹായത്തോടെയും അധ്യാപകരുടെയും വിദ്യർത്ഥികളുടെയും കൂട്ടായ പ്രവർത്തനത്തോടെയും നിർമ്മിച്ച ഒന്നാണ് എൻ.എസ്.എസ്. എച്ച്. എസ്. സ്കൂളിന്റെ മാഗസിൻ. സ്കൂളുമായി ബന്ധപ്പെട്ട ചരിത്ര-വിവരണങ്ങളടങ്ങിയ ഇത് കുട്ടികളുടെ മികവും അധ്യാപകരുടെ കഴിവും പ്രയോജനപ്രദമാക്കി നിർമ്മിച്ചതാണ്. നിരവധി ബഹുജന കാവ്യങ്ങളും കഥകളും നിഘണ്ടുവും ചിത്രങ്ങളും ഇതിൽ ഉൾപ്പെട്ടെരിക്കുന്നു. കാണാൻ വളരെ ആകർഷകവും വായിക്കാൻ രസകരവുമായ ഇതിൽ നിരവധി പാഠ്യ വിഷയങ്ങളും ഉൾപ്പെട്ടിരിക്കുന്നു. ഗണിതം,മലയാളം,ഇംഗ്ലീഷ്,സയൻസ് തുടങ്ങി വിഷയങ്ങിൽ എല്ലാവർക്കും അറിവുനേടുന്നതിന് ഇത് വളരെ പ്രയോജനപ്രദമാണ്.അറിവിന്റെ ലോകത്തേക്ക് നമ്മെ ഈ മാഗസിൻ കൂട്ടികൊണ്ടുപോകുന്നു.

സന്ദേശം



പ്രഥമ അധ്യാപിക

ആശ .എസ്

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൻെ ഭാഗമായി ഒരു ലക്ഷത്തോളം കുട്ടികളെ ഉൾപ്പെടുത്തി ഹൈസ്കൂളുകളിൽ ആരംഭിച്ച "ഹായ് സ്കൂൾ കുട്ടിക്കൂട്ടം" പദ്ധതിയുടെ പരിഷ്കൃതരൂപമായ "ലിറ്റിൽ കൈറ്റ്സ്" അംഗങ്ങൾക്ക് അഭിനന്ദനങ്ങൾ.

വിദ്യാഭ്യാസമേഖലയുടെ വിവരസാങ്കേതികവിദ്യയുടെ രജത രേഖയായി വിശേഷിപ്പിക്കാവുന്ന 'ലിറ്റിൽ കൈറ്റ്' കമ്പ്യൂട്ടറിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും സ്കൂൾതല ഐ സി റ്റി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും വേദിയാകുന്നു.

വിവരസാങ്കേതിക വിദ്യയുടെ നൂതനചക്ര വാളങ്ങൾ കീഴടക്കുവാൻ കുട്ടികൾക്കു കഴിയട്ടെ.! "എല്ലാ ഭാവുകങ്ങളും നേരുന്നു."

എഡിറ്റോറിയൽ

പൊതുവിദ്യാഭ്യാസം വിവരസാങ്കേതിക വിദ്യയുമായി കൈകോർത്തുകൊണ്ട് സാർവ്വത്രികമാക്കുന്നതിന്റെ ഭാഗമായാണ് സ്കൂളുകളിൽ ലിറ്റിൽ കൈറ്റ് രൂപീകൃതമായത്.

നൂതനമായ സങ്കേതങ്ങളിലൂടെ നേടിയ അറിവുകൾ പരീക്ഷിക്കുകയും.; ഉപോത്പന്നങ്ങളായി പുതിയ അറിവുകൾ കുട്ടികൾ സ്വയം കണ്ടെത്തുകയെന്നതും ഈ പഠനപ്രക്രിയയുടെ പ്രധാനലക്ഷ്യങ്ങളിലൊന്നാണ്.

പാഠ്യേതരവും;പാഠ്യാനുബന്ധവുമായ വിവിധ പ്രവർത്തനങ്ങളിലേർപ്പെടുന്നതുവഴി ഭാവനയും സാർഗാത്മകതയും അതിരുകളില്ലാതെ വികസിക്കുവാൻ കുട്ടികൾക്കവസരം ലഭിക്കുന്നു.

ഇതിനെ അക്ഷരാർത്ഥത്തിൽ സാധൂകരിക്കുന്ന ലളിതമെങ്കിലും ശക്തമായ തെളിവായി 'ഉണർവ് 'എന്ന ഈ ഡിജിറ്റൽ മാഗസിൻ രൂപാന്തരപ്പെട്ടതിൽ സന്തോഷവും അതിലേറെ അഭിമാനവും ഞങ്ങൾക്കുണ്ട്.

എഡിറ്റോറിയൽ ബോർഡ്

ആശ.എസ്	:	ഹെഡ്മിസ്ട്രസ്
ഗായത്രി ദേവി J.O	:	സ്റ്റാഫ് സെക്രട്ടറി
അനിത . k	:	സീനിയർ അസിസ്റ്റന്റ്
ഗോപകുമാർ .s	:	SRG കൺവീനർ
സിന്ധു . D	:	SITC
ബീനാ . ജി . നായർ	:	KITE MASTER
രശ്മി സുരേഷ്	:	സ്കൂൾ ലീഡർ
ഷാഹിന ബഷീർ	:	സ്കൂൾ ചെയർമാൻ

ലിറ്റിൽ കിറ്റ്സ് അംഗങ്ങൾ

അജയ് എ . എസ്
ആൽബിൻ ചെറിയാൻ
അനന്ദു ഷിജു
ഐബി റെൻഞ്ചി
കൃഷ്ണ പി.പി
രാജേശ്വരി.കെ
രോഹിത്ത് കെ ആർ
ഷാഹിന ബഷീർ

പ്രണാമം

റോയി മാത്യു

**ഞങ്ങളിൽ നിന്ന് വിട്ടുപിരിഞ്ഞ ഓഫീസ്
അറ്റന്റന്റ് റോയിച്ചന് ഞങ്ങളുടെ
ആദരാഞ്ജലികൾ**

ഉള്ളടക്കം

അക്ഷരങ്ങളുടെ വിഭാഗം.. 7-10

സാമൂഹ്യശാസ്ത്രം

ചോദ്യോത്തരവേദി... 11-12

ശാസ്ത്രം... 13-22

ഇംഗ്ലീഷ്.. 23

ഗണിതം

ഗണിതകല... 24-26

മഹാപ്രളയം... 27-31

ചിത്രങ്ങൾ.. 32-33

ഉപസംഹാരം.. 34

മലയാളം

അക്ഷരങ്ങളുടെ ലോകം

ബാല്യം

കവിത

ആയിരം പൂത്തിരി കത്തിയപോൽ
പൊട്ടിച്ചിരിക്കുന്ന ബാല്യം
പൂത്തുമ്പിപോലെങ്ങും പാറി
പൂത്തുലഞ്ഞാടുന്ന കാലം.

മിന്നമിന്നെ മിന്നുന്ന മുത്തും
ചിപ്പിയും വെള്ളാരം കല്ലും
ചിക്കിചികഞ്ഞു നടക്കും
കൗതുകമേറുന്നകാലം.

ഇതിന്റെ തിക്കിതിരക്കിൽ
ശ്വാസമടക്കിപ്പഠിപ്പിൽ
ബാല്യത്തിൽ കൗതുക കാന്തി
തട്ടിതെറിക്കുന്ന കഷ്ടം!

വെൺപട്ടുപോലെ നിന്റെ ശ്രുതി
കണ്ടുപടിക്കട്ടെ മർത്ത്യർ
ഓമനേ, നിന്റെയുള്ളത്തിൽ
എന്നും വസിക്കുന്ന ദൈവം

Rajeswari.k

കേശുവും നാണുവും

ഒരു പാവം കൃഷിക്കാരനാണ് കേശു.

കേശു തന്റെ കൃഷിസ്ഥലത്തു കൂടെ നടക്കുകയായിരുന്നു. അപ്പോഴാണ് അവിടെയുള്ള പ്ലാവിൽ ഒരു വരിക്കച്ചക്ക പഴുത്തു പാകമായി നിൽക്കുന്നത് അയാൾ കണ്ടത്. അയാൾ വേഗം തന്നെ പ്ലാവിൽ കയറി ചക്ക വെട്ടിനിലത്തിട്ടു

"ബ്ലോ"

ചക്ക വന്നു വീണത് താഴെയിരുന്ന് പുല്ല് തിന്നുകയായിരുന്ന മുയലിൻെറ പുറത്ത്. അങ്ങനെ കേശുവിന് ഒരു വെടിക്കു രണ്ടു പക്ഷികളെ കിട്ടിയതുപോലെ ആയി.

ഇതെല്ലാം വേലിക്കപ്പുറത്ത് നിന്ന് കാണുകയായിരുന്നു കേശുവിന്റെ അയൽവാസിയായ നാണു. പിറ്റേന്ന് രാവിലെതന്നെ നാണു തന്റെ പ്ലവിൽ കയറി വരിക്കച്ചക്ക വെട്ടിതാഴെയിടാൻ തുടങ്ങി. പക്ഷേ മുയൽ പോയിട്ട് ഒരു ഓന്ത് പോലും പ്ലാവിനടിയിൽ വന്നു നിന്നില്ല. ദിവസവും അയാൾ

തന്റെ പണി തുടർന്നു.അവസാനം മണ്ടൻ നാണുവിന്റ പ്ലാവിലെ വരിക്കച്ചക്കകളെല്ലാം തീർന്നു. മുയലിനെയൊട്ടു കിട്ടിയതുമില്ല അങ്ങെന നാണു മരമണ്ടൻ നാണുവായി.

പഴഞ്ചൊല്ലുകൾ

കൃഷ്ണ പി.പി

*പൊട്ടനെ ചെട്ടി ചതിച്ചാൽ ചെട്ടിയെ ദൈവം ചതിക്കും

*എല്ലുമുറിയെ പണിയെടുത്താൽ പല്ലുമുറിയെതിന്നാം

*സമ്പത്തു കാലത്ത് തൈ പത്തു വച്ചാൽ ആപത്തു കാലത്തു കാ പത്തു തിന്നാം

*ചൊട്ടയിലെ ശീലം ചുടലവരെ

*അങ്ങാടിയിൽ തോറ്റാൽ അമ്മയോട്

*അടയ്ക്ക കട്ടാലും ആനക്കട്ടാലും
പേരു കള്ളനെന്ന്

*അടി കൊള്ളാ പിള്ള പടിക്കില്ല

*വടി കടുത്ത് അടി വാങ്ങുക

*ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം

*അണ്ണാറക്കണ്ണനും തന്നാലായത്

*ഇഷ്ടം മുറിക്കാനർഥം മഴ

*ഇഷ്ടമില്ലാത്ത പെണ്ണ് തൊട്ടതെല്ലാ കുറ്റം

*കാണം വിറ്റും ഓണം ഉണ്ണണം

*ഇരുന്നിട്ടെ കാലു നീട്ടാവു

*ഇക്കരെ നിന്നാൽ അക്കരെ പച്ച

*അഴകുള്ള ചക്കയിൽ ചുളയില്ല

*ഇരുന്നുണ്ണരുത് കിടന്നുറങ്ങരുത്

*അൽപ്പൻ അർത്ഥരാത്രിയിലും കുടപിടിക്കും

*മിന്നുന്നതെല്ലാ പൊന്നല്ലാ

*വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും

*മടിയൻ മലചുമക്കും

സാമൂഹ്യ ശാസ്ത്രം
ചോദ്യോത്തരവേദി

സ്വാതന്ത്ര്യ സമര ക്വിസ്

*ഒന്നാം സ്വാതന്ത്ര്യസമരം എന്നവിശേഷിപ്പിക്കുന്ന
വിപ്ലവം നടന്ന വർഷം?

1857

*ഒന്നാം വട്ടമേശസമ്മേളനം നടന്ന വർഷം?

1930

*രണ്ടാം വട്ടമേശസമ്മേളനം നടന്ന വർഷം?

1931

*ഗാന്ധിജിയുടെ നേതൃത്വത്തിൽ നിയമ ലംഘന പ്രസ്ഥാനം തുടങ്ങിയ വർഷം?

1930

*മെയ് ദിനം എന്നാണ് ആദ്യമായി ഇന്ത്യയിൽ ആഘോഷിച്ചത്?

1923

*ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രസിഡന്റ്?

ഡബ്ള്യൂ സി.ബാനർജി

*സുബാഷ് ചന്ദ്രബോസ് ജനിച്ചതെവിടെ?

ഒറീസ്സ

*സ്വദേശിപ്രസ്ഥാനം ആരംഭിച്ചതെന്ന് ?

1905

*കോൺഗ്രസ് എന്ന പേര് നിർദ്ദേശിച്ചതാര് ?

ദാദാഭായ് നവറോജി

*' ജയ് ഹിന്ദ് ' എന്ന മുദ്രവാക്യം ആദ്യം മുഴക്കിയതാര് ?

സുഭാഷ് ചന്ദ്രബോസ്

*ഇന്ത്യയിലെ ആദ്യ യൂറോപ്യൻ കോട്ടയേത് ?

മാനവൽ കോട്ട(കൊച്ചി)

*കോൺഗ്രസ് പ്രെസിഡന്റായ ഒരേയൊരു മലയാളി ?

സി.ശങ്കരൻ നായർ

*നിയമ ലംഘന പ്രസ്ഥാനത്തിന് തുടക്കംകുറിച്ച സത്യാഗ്രഹം ?

ഉപ്പു സത്യാഗ്രഹം

*ഉപ്പുനിയമ ലംഘനത്തിന് കേരളത്തിൽ നേതൃത്വം കൊടുത്ത വ്യക്തി ?

ശാസ്ത്രം

മനുഷ്യനിലെ രസതന്ത്രം

പ്രകൃതിയുടെ രസതന്ത്രം

ഉപന്യാസങ്ങൾ

മനുഷ്യശരീരത്തിലെ രസതന്ത്രം

ജീവൻ എന്ന പ്രതിഭാസം പോലും രാസപരിണാമത്തിൻെറ ഫലമാണെന്നു ശാസ്ത്ര ലോകം അംഗീകരിക്കുക മാത്രമല്ലാ ക്രിര്യമമായി ജീവൻ നിലനിർത്തുകയും ചെയ്യുിരുന്നു. ജീവൻ നിലനിൽക്കുന്നതും അനേകം രാസപ്രവർത്തനങ്ങളിടെ ഫലമായാണ്. നമ്മുടെ ശരീരം നിർമ്മിച്ചിരിക്കുന്നതും രാസവസ്തുക്കൾ കൊണ്ടാണ്. നമ്മുടെ ശരീരത്തിൽ നടക്കുന്ന ശ്വസനം,ദഹനം,മാലിന്യനിർമ്മാജനം,പ്രത്യൽപ്പാദനം,എന്തിന് നമ്മുടെ കാഴ്ച,കേൾവി,ചിന്ത,ഉറക്കം,എന്നിവയെല്ലാം രാസപ്രവർത്തനം തന്നെ. വികാരങ്ങളായ ദേഷ്യം,സങ്കടം,സ്നേഹം,പ്രണയം തുടങ്ങിയ തലച്ചോറിൽ നടക്കുന്ന സകല കാര്യങ്ങളും രാസവസ്തുക്കളുടെ പ്രവർത്തനഫലമായാണ്.

ബിൻസി ബി .റ്റി
STD:IX

മേൽമണ്ണും അടിമണ്ണും

മണ്ണിനെ മേൽമണ്ണെന്നും അടിമണ്ണെന്നും സാധരണ പറയാറുണ്ട്. ഏറ്റവും ഉപരിതലത്തിൽ ഏതാണ്ട് 25 cm വരെ താഴ്ചയുള്ളതും താരതമ്യേന കറുപ്പുനിറവും ഇളക്കവുമുള്ള
ഭാഗത്തെ 'മേൽമണ്ണ്' എന്നു പറയാം. കൃഷിയിൽ 'മണ്ണ്' എന്നു പറഞ്ഞാൽ ഈ ഭാഗത്തെയാണ് ഉദ്ദേശിക്കുന്നത്. എന്നാൽ സാധാരണ കിളക്കുമ്പോൾ ഉഴവുനടത്തുമ്പോൾ ഇളക്കുന്നത് ഏതാണ്ട് 12 -18 cm വരുന്ന മേൽമണ്ണുമാത്രമാണ്.ഈ ഭാഗം 'ഉഴവുപാളി' എന്ന് അറിയപ്പെടുന്നു.

വളക്കൂറുള്ളതുകൊണ്ട് ഒരു മണ്ണ് ഫലഭൂയിഷ്ടിയുള്ളതായിരിക്കണമെന്നില്ല. വളക്കൂറുള്ള മണ്ണ് ഫലഭൂയിഷ്ടിയുള്ളതും കൂടി ആവണമെങ്കിൽ മണ്ണിൻെറ രാസ,ഭൗതിക സ്വഭാവങ്ങൾ അനുയോജ്യമായിരിക്കണം. മണ്ണിൻെറ ഫലപുഷ്ടി അഥവാ ഉൽപ്പാദനക്ഷമതയിൽ ഭൗതീകഗുണങ്ങളോടൊപ്പമോ അതിലതികമോ പ്രാധാന്യം രാസഗുണങ്ങൾക്കുമുണ്ട്.

....

ANANDHU SHIJU
STD:IX

സൂഎക്സ്-2018

തിരുവല്ല മർത്തോമ കോളേജ് സുവോളജി വിഭാഗം സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി
08-02-2018 thursday ആരംഭിച്ചു. സൂഎക്സ്- 2018 ശാസ്ത്ര പ്രദർശനം കാണാനായി മുത്തൂർ N.S.S.H.School-ലെ അധ്യാപകരും ഒരുക്കൂട്ടം വിദ്യാർത്ഥികളും 09-02-2018 friday കോളേജിലേക്ക് പോയി. കോളേജ് ഹാളിലേക്ക് കയറിയപ്പോൾ ആദ്യം തന്നെ ഞങ്ങൾ കണ്ടത് നിരവധി സ്പോഞ്ചുകളാണ്. Bath sponge,Finger sponge, Sea fan എന്നിവ യായിരുന്ന അവ.ജെല്ലിഫിഷുകൾ,പവിഴപ്പുറ്റുകളുടെ വ്യത്യസ്തയിനങ്ങൾ അവയ്ക്ക് മുകളിൽ കാണപ്പെടുന്ന ഫ്രഷ് വാട്ടർ, ചെവിപ്പാമ്പ്, മനുഷ്യൻെറ വയറ്റിൽ കാണപ്പെടുന്ന റൗണ്ട് വാം എന്നറിയപ്പെടുന്ന വ്യത്യസ്തയിനം വിര, തേനിച്ച, പട്ടുനൂൽപ്പുഴു, ചെല്ലി ചീവീടിൻെറ കുടുംബത്തിൽപ്പെട്ട ഒരു ഷഡ്പദം, വ്യത്യസ്ത തരം ചിത്രശലഭങ്ങൾ എന്നിവ തുടർന്ന് ഞങ്ങൾ കണ്ടു. കടലിൻെറ ഉള്ളിലെ കാര്യങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നതിനു വേണ്ടി ശംഖുകൾ, നക്ഷത്രമത്സ്യം, കടൽപ്പൂവ്, കടൽക്കുതിര, കടൽവെള്ളരിക്ക എന്നിവയും ഉണ്ടായിരുന്നു. ലയൺ ഫിഷ്, ഈൽ, പഫർ ഫിഷ്, ലോഡ് ഫിഷ്, ഷാർക്ക് തുടങ്ങി നിരവധി മത്സ്യങ്ങളും അവിടെ ഉണ്ടായിരുന്നു. വ്യത്യസ്ത തരം ഓന്തുകൾ, തവളകൾ, മരയോന്ത്, അരണ, പറയോന്ത്, ഉടുമ്പ്,പാമ്പ്, പെരുപാമ്പ് ഇവയുടെ മുട്ട, പ്രാവിൻെറ മുട്ട, കോഴിയുടെ ഹൃദയം, പൊന്മാൻ എന്നിവ അവിടെ കണ്ട മറ്റൊരു കാഴ്ചയാണ്. പാസ്റ്റർ ഓഫ് പാരിസ്, കോട്ടൺ എന്നിവ ഉപയോഗിച്ച് സ്റ്റഫ് ചെയ്ത കീരി, കുരങ്ങ്, പൂച്ച, നായ എന്നിവ അവിടുത്തെ മറ്റൊരു ആകർഷകമായിരുന്നു. കോളേജിലെ 2017 വരെയുള്ള മാഗസീനുകളും പ്രദർശിപ്പിച്ചിട്ടുണ്ടായിരുന്നു.

കടലാമ,കരയാമ,സസ്തനി,ഡോൾഫിൻ, തിമിംഗലം,കുതിര എന്നിവയുടെ അസ്ഥികളും മറ്റൊരു കാഴ്ച്ചയായിരുന്നു. മനുഷ്യൻെറ തല,നാവ്,സയാമിസ്
ഇരട്ടകൾ, 8-9 മാസം പ്രായമായ കുഞ്ഞ്,പശുവിൻെറഭ്രൂണം, ഹൃദയം,പൂച്ചയുടെ വ്വക്ക എന്നിവയും പ്രദർശിപ്പിച്ചിരുന്നു. ഏകകോശ ജീവിയായ പാരമീസിയത്തെയും കോഴിയുടെ ഭ്രൂണ വളർച്ചയെയും ഞങ്ങൾ മൈക്രോസ്കോപ്പിലൂടെ നിരീക്ഷിച്ചു.

തേനിച്ചവളർത്തൽ, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം, മഴവെള്ളസംഭരണി എന്നിവയുടെ പ്രധാന്യം മനസ്സിലാക്കുന്നതിന് തിരുവല്ല ബോധനയുടെ ക്ലാസ്സും, മനുഷ്യൻെറ അശാസ്ത്രിയമായ ഇടപെടലുകൾ മൂലം പ്രക്രതിക്കുണ്ടായ മാറ്റങ്ങൾ കാണിക്കുന്ന മലയാളമനോരമയുടെ ചിത്രപ്രദർശനവും, മത്സ്യക്രഷിയുടെ അറിവുകൾ പകരുന്നതിനായി പത്തനംതിട്ട മത്സ്യ കർഷക വികസന ഏജൻസിയുടെ സ്റ്റളും പ്രഥമശ്ശുശ്രൂഷ നിർദ്ദേശങ്ങളുമായി തിരുവല്ല കുറ്റപ്പുഴ ബിലിവേഴ്സ് ചർച്ച് മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൻെറ ഡോക്ടർമാർ നടത്തിയ ക്ലാസും പ്രദർശനത്തിലെ മുഖ്യ ആകർഷണമാണ്.മനുഷ്യൻെറ ശ്വാസകോശം, കരൾ, തലച്ചോർ, ഹ്യദയം, ചെറുകുടൽ, വൻകുടൽ, തല, ആമാശയം എന്നിവ അവിടെ പ്രദർശിപ്പിക്കുകയും ഡോക്ടർ അതിനെപ്പറ്റി നിരവധി കാര്യങ്ങൾ മനസ്സിലാക്കിതരുകയും ചെയ്തു. ഹ്യദയഘാതം ഉണ്ടായ ഒരാളെ രക്ഷിക്കുന്നതിനു വേണ്ടിയുള്ള ഉപകരണങ്ങളും അവിടെയുണ്ടായിരുനന്നു. വഴിയിൽ ഒരാളെ അബോധാവസ്ഥയിൽ കണ്ടാൽ ആദ്യം നടത്തേണ്ട പ്രഥമശ്ശുശ്രൂഷയെയും, ആഹാരം അന്നനാളത്തിൽ കുടുങ്ങിയാൽ നടത്തേണ്ട പ്രഥമശ്ശുശ്രൂഷയെയും പറ്റി ഡോക്ടർമാർ ബോധവൽക്കരണം നടത്തുകയും ചെയ്തു. അതിനുശേഷം ഞങ്ങളെല്ലാവരും ഉയരവും തൂക്കവും നോക്കി. ശരിയായ ആഹാരരീതിയേയും പറ്റി അവിടെ ഡോക്ടർമാർ ബോധവൽക്കരണം നടത്തിയിരുന്നു. പ്രദർശനം കണ്ടതിനുശേഷം ഞങ്ങൾ ഇറങ്ങി കോളേജിൻെറ മരത്തണലിൽ വന്നു നിന്നു. അതിനുശേഷം ഞങ്ങൾ അവിടെ നിന്നും യാത്ര തിരിച്ച് ഏകദേശം 12.15 ഓടെ ഞങ്ങൾ സ്കൂളിലെത്തി.

....

Reshmi Suresh
Std :IX

മേൽമണ്ണും അടിമണ്ണും

മണ്ണിനെ മേൽമണ്ണെന്നും അടിമണ്ണെന്നും സാധരണ പറയാറുണ്ട്. ഏറ്റവും ഉപരിതലത്തിൽ ഏതാണ്ട് 25 cm വരെ താഴ്ചയുള്ളതും താരതമ്യേന കറുപ്പുനിറവും ഇളക്കവുമുള്ള
ഭാഗത്തെ 'മേൽമണ്ണ്' എന്നു പറയാം. കൃഷിയിൽ 'മണ്ണ്' എന്നു പറഞ്ഞാൽ ഈ ഭാഗത്തെയാണ് ഉദ്ദേശിക്കുന്നത്. എന്നാൽ സാധാരണ കിളക്കുമ്പോൾ ഉഴവുനടത്തുമ്പോൾ ഇളക്കുന്നത് ഏതാണ്ട് 12 -18 cm വരുന്ന മേൽമണ്ണുമാത്രമാണ്.ഈ ഭാഗം 'ഉഴവുപാളി' എന്ന് അറിയപ്പെടുന്നു.

വളക്കൂറുള്ളതുകൊണ്ട് ഒരു മണ്ണ് ഫലഭൂയിഷ്ഠിയുള്ളതായിരിക്കണമെന്നില്ല. വളക്കൂറുള്ള മണ്ണ് ഫലഭൂയിഷ്ഠിയുള്ളതും കൂടി ആവണമെങ്കിൽ മണ്ണിൻെറ രാസ,ഭൗതിക സ്വഭാവങ്ങൾ അനുയോജ്യമായിരിക്കണം. മണ്ണിൻെറ ഫലപുഷ്ഠി അഥവാ ഉൽപ്പാദനക്ഷമതയിൽ ഭൗതീകഗുണങ്ങളോടൊപ്പമോ അതിലതികമോ പ്രാധാന്യം രാസഗുണങ്ങൾക്കുമുണ്ട്.

....

ANANDHU SHIJU
STD:IX

കൃഷിയിടങ്ങളിലെരസതന്ത്രം

മണ്ണിൻെറ രസതന്ത്രവം കൃഷിയും
മണ്ണിൻ ചെടികളെ ഉറപ്പിച്ചു നിർത്തുകയെന്ന ധർമ്മത്തിനുപുറമെ മറ്റനേകം ജോലികൾ നിർവഹിക്കുന്നുണ്ട്. വളരെ സങ്കീർണമായ ഭൗതിക,രാസപ്രക്രിയകൾ മണ്ണിൽ നിരന്തരം സംഭവിക്കുന്നുണ്ട്. വളരെ പോഷകങ്ങൾ ജലം എന്നിവ മണ്ണിൽ നിന്നുമാണ് ചെടിക്കു ലഭിക്കുന്നത്. വെയിൽ, മഴ, കാറ്റ് തുടങ്ങിയ പ്രക്രതി ശാന്തികളുടെ പ്രതിപ്രവർത്തനം മൂലം പാറ സാവധാനം പൊടിഞ്ഞ് രൂപ പരിണാമം സംഭവിച്ച് മണ്ണായിത്തീരുന്നു. ഇങ്ങനെ ഉണ്ടാകുന്ന ധാതുപദാർത്ഥങ്ങളോട് കൂടി സസ്യ,ജന്തു അവശിഷ്ടങ്ങൾ, സൂക്ഷ്മാണുക്കൾ,ജലം, വായു, ഇവ കലരുന്നു. അങ്ങനെ അതു ക്രഷിയോഗ്യമായ മണ്ണായിത്തീരുന്നു. ധാതുപദാർത്ഥങ്ങൾ, ജൈവാംശം, വായു എന്നിവ ഒരു നിശ്ചിത അനുപാഥത്തിലുണ്ടെങ്കിൽ മാത്രമേ അതിനെ ഫലഭൂഷ്ഠമുള്ള മണ്ണെന്നു വിളിക്കാൻ പറ്റൂ.

....

IBY RENJI
STD:IX

ശ്വസനം

ശ്വസനം ശ്വസകോശത്തിൽ മാത്രമല്ലനടക്കുന്നത് ശരീരത്തിലെ എല്ലായിടത്തും ശ്വസന പ്രക്രിയ നടക്കുന്നുണ്ട്.ശ്വാസകോശത്തിൽ 70 കോടിയിലധികം വരുന്ന ആൽവിയോളകൾ എന്നറിയപ്പെടുന്ന കൊച്ചു വായു അറകളുടെ ഭിത്തിയിലുള്ള രക്തക്കുഴലുകളിലേക്ക് വായുവിലെ ഓക്സിജൻ അങ്ങോട്ടും രക്തത്തിൽ നിന്നും CO തിരിച്ചുവായുവിലേക്കും കടക്കുന്നതാണ് ശ്വാസകോശത്തിലെ ശ്വസനം. മൊത്തം ആൽവിയോളുകളുടെ വിസ്തീർണ്ണം ഒരു ടെന്നീസ് കോർട്ടിൻെറ അത്രയുമാണ്. ഇങ്ങനെ ലഭിക്കുന്ന ഓക്സിജൻ ചുമന്ന രക്താണുവിലെ ഹീമോഗ്ലോബിനുമായിച്ചേർന്ന് ശരീരത്തിൻെറ വിവിധകകളിലെത്തിച്ചേരുന്നു.

_അടുക്കള രസതന്ത്രം

അടുക്കള ഒരു ശിൽപ്പശാലയാണ്. പാചക പ്രക്രയകളിലൂടെ കടന്നു പോവുമ്പോൾ ഭക്ഷണങ്ങൾക്ക് ഭൗതീക പരമായും രാസപരമായും മാറ്റങ്ങൾ സംഭവിക്കുന്നു. ഇത്തരം മാറ്റങ്ങൾ ആഹാരപദാർത്ഥത്തിൽ ചെലുത്തുന്ന പ്രഭാവങ്ങൾ ഏറെയാണ്. അവ അറിഞ്ഞിരിക്കുന്നത് രുചിയും വൃത്തിയും വെടിപ്പും ആരോഗ്യത്തിനു ഗുണകരവുമായ ഭക്ഷണം തയാറാക്കാൻ സഹായിക്കുന്നു. ആരോഗ്യപരിപാലനത്തിനു ഭക്ഷണം പാകം ചെയ്യുന്നതു വളരെ നല്ലതാണ്.

....

krishna p.p
std:IX

ഉപന്യാസം

സമകാലികജീവിതത്തിൽ പ്രാധന്യമർഹിക്കുന്ന ഒന്നാണ് ഇന്ധനങ്ങൾ. വിവിധങ്ങളായ ആവശ്യങ്ങൾക്കായി ഇന്ന് നാം ഇന്ധനങ്ങൾ ഉപയോഗിച്ച് വരുന്നു. പെട്രോൾ, ഡീസൽ, മണ്ണെണ്ണ, എൽപിജി തുടങ്ങിയ ഇന്ധനങ്ങളാണ് പൊതുവെ നാം ഉപയോഗിക്കുന്നത്. ഖരം,വാതകം,ദ്രാവകം
എന്നീ മൂന്ന് അവസ്ഥകളിലും ഇന്ധനങ്ങൾ കാണപ്പെടുന്നുണ്ട്. വിറക്,കരി എന്നിവ ഖരാവസ്ഥയിലും മണ്ണെണ്ണ, പെട്രോൾ എന്നിവ ദ്രാവകാവസ്ഥയിലും കാണപ്പെടുന്നു.

പലരീതികളിലൂടെയാണ് ഇന്ധനങ്ങൾ നാം ഉപയോഗപ്പെടുത്തുന്നത്. വീടുകളിലും,വാഹനങ്ങളിലും വ്യവസായശാലകളിലുമൊക്കെ ഇന്ന് ഇന്ധനങ്ങൾ വ്യവസായികമായി ഉപയോഗിച്ചുവരുന്നു. വീടുകളിൽ
വിറക്,മണ്ണെണ്ണ മുതലായവയാണ് കൂടുതലായി ഉപയോഗിക്കുന്ന ഇന്ധനങ്ങൾ. വാഹനങ്ങളിൽ പെട്രോൾ,ഡീസൽ എന്നിവയാണ് ഉപയോഗിക്കുന്നത്. വ്യവസായശാലകളും വൻതോതിൽ ഫോസിലുകൾ ഉപയോഗിച്ചുവരുന്നു. ആദ്യകാലങ്ങളിൽ കൽക്കരി
ഇങ്ങനെ ഇന്ധനങ്ങൾ നമ്മളെ പലതരത്തിൽ സഹായിക്കുന്നുണ്ട്.

മണ്ണിനടിയിൽ നിന്ന് കുഴിച്ചെടുക്കുന്ന ഈ ഇന്ധനങ്ങൾ നമ്മൾ ഉപയോഗിക്കുന്നതിനൊപ്പം അനാവശ്യമായി പാഴാക്കുകയും ചെയ്യുന്നുണ്ട്. അനാവശ്യമായി വിറക് കത്തിച്ചുകളയുക, പെട്രോൾ പമ്പുകളിൽ അശ്രദ്ധമൂലം പെട്രോൾ താഴെവീഴുക തുടങ്ങിയവ ഒക്കെ ഇന്ധനം നഷ്ടപ്പെടുത്തുന്നതിന്റെ കാരണങ്ങളാണ്ഇതു കൂടാതെ ഇനിയും കാരണങ്ങളേറെയാണ്. ട്രാഫികസിഗ്നൽ ഇന്ന്എല്ലാ നഗരങ്ങളിലും കാണാൻ കഴിയും. ട്രാഫികിൽനിർത്തിയിടുന്ന സമയത്ത് ആരും വണ്ടി നിർത്തിയിടാറില്ലാ. അതുവഴിയും വൻതോതിൽ ഇന്ധനം നഷ്ടമാകുന്നു. ഇന്ധനങ്ങൾ സംരക്ഷിക്കാൻ നമ്മുടെ മുന്നിൽ ഒരുപാട് മാർഗങ്ങളുണ്ട്. അടുക്കളയിൽ ഇന്ധനസംരക്ഷണത്തിനായി ചൂടാറാപ്പെട്ടി ഉപയോഗിക്കാം. ജൈവവശിഷ്ടങ്ങളും മാലിന്യങ്ങളും ബയോഗ്യാസ്പ്ലാൻറിൽ നിക്ഷേപിക്കുക. അതിൽ നിന്ന് ഗ്യാസ് ഉണ്ടാക്കാനും എൽപിജിയുടെ ഉപയോഗംകുറയ്ക്കുകയും ചെയ്യാം. ബയോഗ്യാസ് പ്ലാൻറിൽ നിന്നുണ്ടാകുന്നസ്ലീമ വളമായി ഉപയോഗിക്കാനും കഴിയും. വീടുകളിൽ സോളാർവാട്ടർ ഹീറ്ററുകൾ, സോളാർകുക്കർ എന്നിവ ഉസമകാലികജീവിതത്തിൽ പ്രാധന്യമർഹിക്കുന്ന ഒന്നാണ് ഇന്ധനങ്ങൾ. വിവിധങ്ങളായ ആവശ്യങ്ങൾക്കായി ഇന്ന് നാം ഇന്ധനങ്ങൾ ഉപയോഗിച്ച് വരുന്നു. പെട്രോൾ, ഡീസൽ, മണ്ണെണ്ണ, എൽപിജി തുടങ്ങിയ ഇന്ധനങ്ങളാണ് പൊതുവെ നാം ഉപയോഗിക്കുന്നത്. ഖരം,വാതകം,ദ്രാവകം എന്നീ മൂന്ന് അവസ്ഥകളിലും ഇന്ധനങ്ങൾ കാണപ്പെടുന്നുണ്ട്. വിറക്,കരി എന്നിവ ഖരാവസ്ഥയിലുംമണ്ണെണ്ണ, പെട്രോൾ എന്നിവ ദ്രാവകാവസ്ഥയിലും കാണപ്പെടുന്നു.

_SING,LITTLE BIRDIE

Sing,little birdie,sing
On topmost branches high!
And when thou spreadst thy airy wing,
Let not the sweet notes die.

But longer, louder be,
Until the echoes ring
That hide away where none may see,

Methings that I could stay
Forever with thee here,
And list thy strain the livelong day,
Forgetting sorrow's tear

ALBIN CHERIAN
STD:IX

ഗണിതം

ഗണിതകല

ഗണിതത്തിലെ

ഓമന 'പൈ' തൽ

പൈയെ പരിചയപ്പെടാത കണക്ക പഠിക്കാനാവില്ലാ ഒരുപാട് പ്രത്യേകതകളുള്ള ഒരു സംഖ്യയാണ് Π എന്ന ചിഹ്നം കൊണ്ട് എഴുതുന്ന ഈ പൈ. ഗണിതശാസ്ത്രത്തിന്റെ പ്രാചീനകാലചരിത്രത്തിൽ തന്നെ സ്ഥാനം പിടിച്ച അത്ഭുത സംഖ്യയാണിത്.

പൈ എന്നാൽ വൃത്തരൂപവുമായി ബന്ധപ്പെട്ട ഒരു അനുപാതമാണ്. വൃത്തം നമ്മുക്ക വളരെ പരിചിതമാണല്ലോ. വൃത്തത്തിൻെറ അതിരുകൾ നിർണയിക്കുന്നത് ഒരു വക്രരേഖയാണ്. ഈ വക്രരേഖയുടെ നീളത്തെ പരിതി (ചുറ്റളവ്- Circumference) എന്നുപറയുന്നു. വൃത്തത്തിന്റെ കേന്ദ്ര ബിന്ദുവിലൂടെ കടന്നുപോകുന്ന നേർരേഖയ്ക്ക് അതിരുകൾക്കുള്ളിലുള്ള നീളമാണ വ്യാസം (Diameter). വൃത്തത്തിന്റെ പരിധിക്ക് അതിന്റെ വ്യാസവുമായുള്ള അനുപാതമാണ് പൈ.

വൃത്തത്തിന്റെ വലിപ്പം കുറഞ്ഞാലും കൂടിയാലും ഈ അനുപാതത്തിനു മാറ്റമില്ല. ഭൂമിയോളം വലിപ്പത്തിൽ വൃത്തം വരച്ചാലും കടുകുമണിയോളം ചെറുതാക്കി വരച്ചാലും പരിധിക്ക് വ്യാസവുമായുള്ള അനുപാതം സ്ഥിരമാണ് എന്നർഥം.

ഇനി പൈ എന്ന പേര് എങ്ങനെ കിട്ടിയെന്നുനോക്കാം. ഗ്രീക്കുഭാഷയിൽ വൃത്തപരിധിക്കു പെരിമെട്രോൺയെന്നാണ് പേര്. വ്യസത്തിന്റെ പേരാകട്ടെ ഡയാമെറ്റ്രോൺ എന്നും. പേരുകളുടെ ആദ്യാക്ഷരങ്ങൾ ഉപയോഗിച്ച് ഇവയെ ആദ്യം സൂചിപ്പിച്ചത് AD 1600 ൽ വില്യം ഓട്ട്റെഡ് എന്ന ഇംഗ്ലീഷ് ഗണിതശാസ്ത്രജ്ഞനാണ്. അങ്ങനെ ഗ്രീക്ക് അക്ഷരമാലയിലെ 16->മത്തെ അക്ഷരമായ പൈ ഉപയോഗിച്ച വൃത്തപരിധിയേയും 4-> മത്തെ അക്ഷരമായ ഡെൽറ്റ ഉപയോഗിച്ച വ്യസത്തെയും സൂചിപ്പിച്ചുപോന്നിരുന്നു.

എന്നാൽ ഒരു നൂറ്റാണ്ട് പിന്നിട്ടപ്പോൾ വൃത്തപരിധിക്കു വ്യാസവുമായുള്ള അനുപാതത്തെ സൂചിപ്പിക്കാൻ പൈ എന്ന ഗ്രീക്ക് അക്ഷരം ഉപയോഗിച്ചു. AD 1706 ലാണിത്. വില്യം ജോൻസ് എന്ന ഇംഗ്ലീഷ് ഗണിതശാസ്ത്രജ്ഞനാണ് ആദ്യമായി ഉപയോഗിച്ചത്. പക്ഷേ ഈ പ്രതീകം പ്രചാരത്തിലായത് AD 1737 മുതലാണ്. പ്രസിദ്ധ സ്വിസ് ഓയിലർ ആണ് അതിനുകാരണക്കാരൻ.

സംഖ്യ പിരമിഡ്

1*9+2=11
12*9+3=111
123*9+4=1111
1234*9+5=11111
12345*9+6=111111
123456*9+7=1111111
1234567*9+8=11111111
12345678*9+9=111111111
123456789*9+10=1111111111

1*8+1=9
11*8+11=99
111*8+111=999
1111*8+1111=9999
11111*8+11111=99999
111111*8+111111=999999
1111111*8+1111111=9999999
11111111*8+11111111=99999999
111111111*8+111111111=999999999
1111111111*8+1111111111+9999999999

മഹാ പ്രളയം

Reshmi Suresh

ഒന്നിച്ച നിൽക്കാം

ഒരു പുതു കേരളം നിർമ്മിക്കാം.......

മലകളും കുന്നുകളും ചെടികളും നദികളും തടാകങ്ങളും നിരവധി ജീവജാലങ്ങളും നിറഞ്ഞ പ്രകൃതിരമണീയമായ നാടാണ് നമ്മുടെ കൊച്ചു കേരളം. പച്ച പരവതാനി വിരിച്ച വനങ്ങളും പൊന്നിൻ കതിരുകളും വിളയുന്ന വയലേലകളും നമ്മുടെ നാടിനെ കൂടുതൽ സുന്ദരിയാക്കുന്നു. എന്നാൽ ആ സൗന്ദര്യമെല്ലാം ഇക്കഴിഞ്ഞ ഇടയ്ക്ക് നമ്മളാരും ക്ഷണിക്കാതെയെത്തിയ പ്രളയം എന്ന അഥിതി കവർന്നെടുത്തു കൊണ്ടുപോയി. എന്തായിരുന്നു കേരളം? അല്ലങ്കിൽ ആരായിരുന്നു. ? ഈ ചോദ്യത്തിന് ഒറ്റവാക്കിൽ ഒരുത്തരം പറയുക അസാധ്യമാണ്. കേരളം എന്നാൽ നമുക്ക് എല്ലാമാണ്. ഇന്നത്തെ കേരളവും പഴയകേരളവും തമ്മിൽ നിരവധി അന്തരങ്ങൾ ഉണ്ട്.

പണ്ട് കേരളം ഭരിച്ചിരുന്നത് മഹാബലി എന്നൊരു ചക്രവർത്തിയായിരുന്നു. അദ്ദേഹത്തിന്റെ ഭരണകാലത്ത് നമ്മുടെ നാട്ടിൽ കള്ളമോ ചതിയോ ഒന്നും തന്നെ ഇല്ലായിരുന്നു. ജനങ്ഹളെല്ലാ പരസ്പരം സ്നേഹത്തോടും സാഹോദര്യത്തോടും കൂടി ഒരുമയോടായിരുന്നു ഇവിടെ കഴിഞ്ഞിരുന്നത്. എന്നാൽ അദ്ദേഹത്തിന്റെ ഭരണശേഷം നിരവധിയാളുകൾ നമ്മുടെ നാട്ടിൽ ഭരണം നടത്താൻ ആരംഭിച്ചു. അതുവരെ ജാതി-മത വ്യത്യാസമില്ലാതെ സഹോദരങ്ങളെപ്പോലെ ഒന്നിച്ചു കഴിയുകയും ഭക്ഷണം കഴിക്കുകയും ഒക്കെ ചെയ്തിരിക്കുന്ന ആളുകൾക്കിടയിൽ ജാതിയുടെയും മതത്തിന്റെയും വേലിക്കെട്ടുകൾ ഉയർന്നു തുടങ്ങി മനുഷ്യൻ പരസ്പരം ദേഷ്യവും വിദ്വേഷവും പുലർത്താൻ തുടങ്ങി. മനുഷ്യൻ തന്റെ സ്നേഹം മറന്നു കൊണ്ട് അവന്റെ ക്രൂരപ്രവർത്തനങ്ങൾ ചെയ്തു തുടങ്ങി. അഹങ്കാരം തലയ്ക്ക് പിടിച്ച അവൻ വികസനത്തിനെന്ന വ്യാജേന പ്രകൃതിവിഭവങ്ങൾ നിരവധി രീതികളിലൂടെ ചൂഷണം ചെയ്തു തുടങ്ങി. വർഷങ്ങളായി തുടർന്ന് വന്ന ഈ അക്രമത്തിന്റെ ഫലം ഇന്ന് 'പ്രളയം' എന്ന ദുരന്തത്തിന്റെ രൂപത്തിൽ നാം

അനുഭവിച്ചു. എത്രയേറെ ആളുകളുടെ ജീവിതമാണ് ഈ
ദുരന്തത്തിൽ മുങ്ങിപ്പോയത്? എത്രയോ ആളുകൾക്ക് സ്വന്തക്കാരെ നഷ്ടപ്പെട്ടു ? നാം
അനുഭവിച്ച ദുരന്തത്തിന് കണക്കില്ല. എന്നാൽ ഈ ദുരന്തത്തെ ഒറ്റക്കെട്ടായി നിന്ന് നാം
ചെറുത്തു. ജാതിയും മതവും മറന്ന് നിരവധി ദിനങ്ങൾ നാം ഒന്നിച്ചു പ്രയത്നിച്ചു. ഒന്നിച്ച
ഭക്ഷണം കഴിച്ച്,ഒന്നിച്ച് ഉറങ്ങി. ഈ ദിനങ്ങളുടെ ഇരുട്ടു നിറഞ്ഞ ഓർമ്മയിൽ നാം
ഓണത്തെപ്പോലെ ഉപേക്ഷിക്കാൻ തീരുമാനിച്ചു. എങ്കിലും ക്യാംപുകളിൽ ഒരുമിച്ചു കവിഞ്ഞ
മനുഷ്യൻ യാതൊരു വിവേജനത്തെപ്പറ്റിയും ചിന്തിക്കാതെ ഒരുമ്മിച്ചിരുന്നു. ഓണസന്ധ്യ ഉണ്ടു.
ഒരുപക്ഷേ ഇത്തവണ ഓണഘോഷങ്ങൾ ഇല്ലായിരുന്നെങ്കിലും ഓണത്തിനെത്തിയ
മഹാബലി തീർച്ചയായും കഴിഞ്ഞ വർഷങ്ങളിലേതിനേക്കാൾ ഇത്തവണ സന്തോഷിച്ചാവും
തിരിച്ചുപോയിരിക്കുക. കാരണം വർഷങ്ങൾക്കുശേഷമാണ് മനുഷ്യൻ ഒത്തൊരുമ്മയോടെ
കഴിയുന്നത് കാണാനായത്. കേരളത്തെ തിരിച്ചുകൊണ്ടുവരാൻ വേണ്ടി ,കേരളിയരെ
രക്ഷിക്കാൻ വേണ്ടി മുന്നിട്ടിറങ്ങിയത് സാധാരണക്കാരാമലകളും കുന്നുകളും ചെടികളും
നദികളും തടാകങ്ങളും നിരവധി ജീവജാലങ്ങളും നിറഞ്ഞ പ്രകൃതിരമണീയമായ നാടാണ്
നമ്മുടെ കൊച്ചു കേരളം. പച്ച പരവതാനി വിരിച്ച വനങ്ങളും പൊന്നിൻ കതിരുകളും വിളയുന്ന
വയലേലകളും നമ്മുടെ നാടിനെ കൂടുതൽ സുന്ദരിയാക്കുന്നു. എന്നാൽ ആ സൗന്ദര്യമെല്ലാം
ഇക്കഴിഞ്ഞ ഇടയ്ക്ക് നമ്മളാരും ക്ഷണിക്കാതെയെത്തിയ പ്രളയം എന്ന അഥിതി കവർന്നെടുത്തു
കൊണ്ടുപോയി. എന്തായിരുന്നു കേരളം? അല്ലങ്കിൽ ആരായിരുന്നു. ? ഈ ചോദ്യത്തിന്
ഒറ്റവാക്കിൽ ഒരുത്തരം പറയുക അസാധ്യമാണ്. കേരളം എന്നാൽ നമുക്ക് എല്ലാമാണ്.
ഇന്നത്തെ കേരളവും പഴയകേരളവും തമ്മിൽ നിരവധി അന്തരങ്ങൾ ഉണ്ട്.

പണ്ട് കേരളം ഭരിച്ചിരുന്നത് മഹാബലി എന്നൊരു
ചക്രവർത്തിയായിരുന്നു. അദ്ദേഹത്തിന്റെ ഭരണകാലത്ത് നമ്മുടെ നാട്ടിൽ കള്ളമോ ചതിയോ
ഒന്നും തന്നെ ഇല്ലായിരുന്നു. ജനങ്ഹളെല്ലാ പരസ്പരം സ്നേഹത്തോടും സാഹോദര്യത്തോടും
കൂടി ഒരുമയോടായിരുന്നു ഇവിടെ കഴിഞ്ഞിരുന്നത്. എന്നാൽ അദ്ദേഹത്തിന്റെ ഭരണശേഷം
നിരവധിയാളുകൾ നമ്മുടെ നാട്ടിൽ ഭരണം
നടത്താൻ ആരംഭിച്ചു. അതുവരെ ജാതി-മത വ്യത്യാസമില്ലാതെ സഹോദരങ്ങളെപ്പോലെ
ഒന്നിച്ചു കഴിയുകയും ഭക്ഷണം കഴിക്കുകയും ഒക്കെ ചെയ്തിരിക്കുന്ന ആളുകൾക്കിടയിൽ
ജാതിയുടെയും മതത്തിന്റെയും വേലിക്കെട്ടുകൾ ഉയർന്നു തുടങ്ങി മനുഷ്യൻ പരസ്പരം ദേഷ്യവും
വിദ്വേഷവും പുലർത്താൻ തുടങ്ങി. മനുഷ്യൻ തന്റെ സ്നേഹം മറന്നു കൊണ്ട് അവന്റെ
ക്രൂരപ്രവർത്തനങ്ങൾ ചെയ്തു തുടങ്ങി. അഹങ്കാരം തലയ്ക്ക്
പിടിച്ച അവൻ വികസനത്തിനെന്ന വ്യാജേന പ്രകൃതിവിഭവങ്ങൾ നിരവധി രീതികളിലൂടെ
ചൂഷണം ചെയ്തു തുടങ്ങി. വർഷങ്ങളായി തുടർന്ന്
വന്ന ഈ അക്രമത്തിന്റെ ഫലം ഇന്ന് 'പ്രളയം' എന്ന ദുരന്തത്തിന്റെ രൂപത്തിൽ നാം
അനുഭവിച്ചു. എത്രയേറെ ആളുകളുടെ ജീവിതമാണ് ഈ
ദുരന്തത്തിൽ മുങ്ങിപ്പോയത്? എത്രയോ ആളുകൾക്ക് സ്വന്തക്കാരെ നഷ്ടപ്പെട്ടു ? നാം
അനുഭവിച്ച ദുരന്തത്തിന് കണക്കില്ല. എന്നാൽ ഈ ദുരന്തത്തെ ഒറ്റക്കെട്ടായി നിന്ന് നാം
ചെറുത്തു. ജാതിയും മതവും മറന്ന് നിരവധി ദിനങ്ങൾ നാം ഒന്നിച്ചു പ്രയത്നിച്ചു. ഒന്നിച്ച

ഭക്ഷണം കഴിച്ച്,ഒന്നിച്ച് ഉറങ്ങി. ഈ ദിനങ്ങളുടെ ഇരുട്ട് നിറഞ്ഞ ഓർമ്മയിൽ നാം ഓണത്തെപ്പോലെ ഉപേക്ഷിക്കാൻ തീരുമാനിച്ചു. എങ്കിലും ക്യാംപുകളിൽ ഒരുമിച്ചു കവിഞ്ഞ മനുഷ്യൻ യാതൊരു വിവേജനത്തെപ്പറ്റിയും ചിന്തിക്കാതെ ഒരുമ്മിച്ചിരുന്നു. ഓണസന്ധ്യ ഉണ്ടു. ഒരുപക്ഷേ ഇത്തവണ ഓണഘോഷങ്ങൾ ഇല്ലായിരുന്നെങ്കിലും ഓണത്തിനെത്തിയ മഹാബലി തീർച്ചയായും കഴിഞ്ഞ വർഷങ്ങളിലേതിനേക്കാൾ ഇത്തവണ സന്തോഷിച്ചാവും തിരിച്ചുപോയിരിക്കുക. കാരണം വർഷങ്ങൾക്കുശേഷമാണ് മനുഷ്യൻ ഒത്തൊരുമ്മയോടെ കഴിയുന്നത് കാണാനായത്. കേരളത്തെ തിരിച്ചുകൊണ്ടുവരാൻ വേണ്ടി ,കേരളിയരെ രക്ഷിക്കാൻ വേണ്ടി മുന്നിട്ടിറങ്ങിയത് സാധാരണക്കാരാമലകളും കുന്നുകളും ചെടികളും നദികളും തടാകങ്ങളും നിരവധി ജീവജാലങ്ങളും നിറഞ്ഞ പ്രകൃതിരമണീയമായ നാടാണ് നമ്മുടെ കൊച്ചു കേരളം. പച്ച പരവതാനി വിരിച്ച വനങ്ങളും പൊന്നിൻ കതിരുകളും വിളയുന്ന വയലേലകളും നമ്മുടെ നാടിനെ കൂടുതൽ സുന്ദരിയാക്കുന്നു. എന്നാൽ ആ സൗന്ദര്യമെല്ലാം ഇക്കഴിഞ്ഞ ഇടയ്ക്ക് നമ്മളാരും ക്ഷണിക്കാതെയെത്തിയ പ്രളയം എന്ന അഥിതി കവർന്നെടുത്തു കൊണ്ടുപോയി. എന്തായിരുന്നു കേരളം? അല്ലങ്കിൽ ആരായിരുന്നു. ? ഈ ചോദ്യത്തിന് ഒറ്റവാക്കിൽ ഒരുത്തരം പറയുക അസാധ്യമാണ്. കേരളം എന്നാൽ നമുക്ക് എല്ലാമാണ്. ഇന്നത്തെ കേരളവും പഴയകേരളവും തമ്മിൽ നിരവധി അന്തരങ്ങൾ ഉണ്ട്. !!br0ken!!യ ജനങ്ങളും നാവികസേന, കേരള പോലിസ്, മത്സ്യത്തൊഴിലാളികൾ എന്നിവരായിരുന്നു. ഇവരിൽ മത്സ്യത്തൊഴിലാളികൾ നാം ഒരിക്കലും വിസ്മരിക്കരുത്. കാരണം സ്കൂളിൽ പഠിക്കുന്ന സമയത്ത് പഠിക്കാത്ത കുട്ടികളോട് അധ്യാപകർ പറയുന്ന സ്ഥിരം വാക്ക്യങ്ങളാണ് പഠിക്കാതിരുന്നാൽ വല്ല മീൻ കാരനോ മറ്റോ ആകും എന്ന്. എന്നാൽ ആ തൊഴിലിന് ഒരു കുറ്റവുമില്ല എന്ന് ഇന്ന് നമുക്ക് മനസ്സിലായിരിക്കുന്നു. അവരില്ലായിരുന്നെങ്കിൽ രക്ഷാപ്രവർത്തനം ഇത്ര ശക്തമാവുമായിരുന്നില്ല. പ്രകൃതിക്ക് മുൻപിൽ മ നുഷ്യൻ ഒന്നുമല്ലയെന്ന് മനസ്സിലാക്കിയ ദിനങ്ങളായിരുന്നു ഇ കഴിഞ്ഞു പോയവ. ഇനി നമുക്ക് ആവശ്യം നമ്മുടെ നാടിനെ പുനർനിർമ്മിക്കുകയാണ് അതിനുവേണ്ടി നാം ഓരോരുത്തരും നമ്മളാൽ കഴിയുന്ന വിധം പ്രയത്നിക്കണം . പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുക, കൃഷിയേയും മറ്റും പ്രോത്സാഹിപ്പിക്കുക , നന്നായി പഠിക്കുക,എന്നിവ നമ്മുക്ക് ചെയ്യാൻ കഴിയുന്ന പ്രവർത്തനങ്ങളാണ്. കുട്ടികൾക്കു നല്ല വിദ്യാഭ്യാസം നൽകുക , പരസ്പര സ്നേഹത്തിന്റെയും സഹായത്തിന്റെയും മൂല്യങ്ങൾ എല്ലാവർക്കും മനസ്സിലാക്കിക്കുക, പ്രകൃതിയെ വേദനിപ്പിക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്ന വികസനങ്ങൾ നടത്താതിരിക്കുക. വികസനങ്ങളാവാം എന്നാൽ അത് ഒരിക്കലും പ്രക്രുതിയെ വേദനിപ്പിക്കുന്നവയാകരുത്. ഇവയിലൂടെ കേരളത്തെ പുനർനിർമ്മിക്കാൻ കഴിയുമെന്നാണ് ഞാൻ കരുതുന്നത്. പരസ്പരസ്നേഹവും സഹായവും പുലർത്തുക. നമുക്ക് ഒന്നിച്ച് നിൽക്കാം ഒരു പുതുകേരളത്തെ സൃഷ്ടിക്കാം.


പ്രളയം
വന്നപ്പോൾ
പ്രളയത്തിന്
ശേഷം
കരയുന്ന കേരളത്തേക്കാൾ ഞങ്ങൾക്കിഷ്ടം ചിരിക്കുന്ന കേരളത്തേയാണ്

ചിത്രങ്ങൾ

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

അധ്യാപകരും അനധ്യാപകരും

ഉച്ച ഭക്ഷണം

നന്ദി

എൻ.എസ്.എസ്.എച്ച്.എസ്. മുത്തൂർ സ്കൂളിന്റെ 'ഉണർവ് 'എന്ന മാഗസിനു വേണ്ടി പ്രവർത്തിച്ച ലിറ്റിൽ കൈറ്റസ് അംഗങ്ങൾക്കും മറ്റ് സ്കൂൾ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും നന്ദി രേഖപ്പെടുത്തുന്നു.